ക്കാണിച്ച ആ പോയിൻറ് വളരെ പ്രസക്തമാണ്. അതിൽ അന്തിമമായ തീരുമാനമെടുക്കേണ്ടത്, ഭരണഘടനാപരമായ സാധുതയെ സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് കോടതിയാണ്. അതുകൊണ്ട് ചെയർ അതിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇത് അവതരിപ്പിക്കുന്നതിന് അപാകതയുള്ളതായി തോന്നുന്നില്ല. ഇതു ലേ ചെയ്യാൻ വിരോധമില്ല. ഇതു ലേ ചെയ്യാവുന്നതാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 1986-ലെ കേരള മുൻസിപ്പൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986-ലെ ഓർഡിനൻസ് നമ്പർ 72) കേരള നിയമസഭാനടപടി ചട്ടങ്ങളിലെ റൂൾ 75 (2) അനുസരിച്ചുള്ള സ്റ്റേറ്റുമെൻറ് സഹിതം.

2. 1986-ലെ ടൗൺ പ്ലാനിംഗ് നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, (1986-ലെ ഓർഡിനൻസ് 73) കേരള നിയമസഭാ നടപടി ചട്ടങ്ങളിലെ റൂൾ 75 (2) അനുസരിച്ചുള്ള സ്റ്റേറ്റുമെൻറ് സഹിതം.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1986-ലെ കേരള തൊഴിലാളി ക്ഷേമനിധി ഫണ്ട് (ഭേദഗതി) ഓർഡിനൻസ് (1986-ലെ ഓർഡിനൻസ് നമ്പർ 71) കേരള നിയമസഭാ നടപടി ചട്ടങ്ങളിലെ 75 (2) അനുസരിച്ചുള്ള സ്റ്റേറ്റ്മെൻറ് സഹിതം.

## VIII. റിപ്പോർട്ടുസമർപ്പണം

### (1) 1986-ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

Minister for Co-operation (**Smt. M. Kamalam**): Sir, I (Chairman of the Subject Committee IX) present the Report of the Subject Committee IX on the Town Planning Laws (Amendment) Bill, 1986 together with the Bill as reported by the Subject Committee.

### (2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറിനാല്പത്തിയെട്ടു മുതൽ നൂറിഅമ്പത്തിയഞ്ചുവരെയുള്ള റിപ്പോർട്ടുകൾ

**Smt. K. R. Gouri:** Sir, I (Chairman of the Committee on Public Accounts) present the one hundred and forty eighth to one hundred and fifty fifth Reports of the Committee.

## IX. ധനകാര്യം

### 1986-87 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെൻറ്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ; 1986-87 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെൻറ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly